# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 890 | 09/8/2017 -ലെ മറുപടി

## മാടായി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും? | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയിൽ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ജലസംഭരണിയുടെ പാർശ്വഭിത്തിയുടെ 2.6 മീ. നീളത്തിൽ കോൺക്രീറ്റ് പണി എന്നിവ പൂർത്തിയായി. 6500 മീ. ദൈർഘ്യമുള്ള 250 എം എം DI ഗ്രാവിറ്റി മെയിൻ പൈപ്പിടൽ ഇതുവരെ 4250 മീ. പൂർത്തിയായി. 1300 മീ. ദൈർഘ്യമുള്ള DI മെയിൻ വിതരണശൃംഖലയുടെ പ്രവൃത്തി 1150 മീ. പൂർത്തിയായി. 5000 മീ. ദൈർഘ്യമുള്ള PVC വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തിയായി. മൊത്തം പദ്ധതിയുടെ 85 ശതമാനത്തോളം പൂർത്തിയായി. PWD റോഡിൽക്കൂടിയുള്ള പൈപ്പിടൽ പ്രവൃത്തിയാണ് ബാക്കിയുള്ളത്. ഇതിനാവശ്യമായ തുക PWD -ൽ അടച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. PWD-യുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ഏകദേശം 3 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

JSK/